(ബി) ഉണ്ട്. 1995-ലെ കേരള മുദ്രപത്രം (ഭൂമിയുടെ വില നിശ്ചയിക്കൽ) റൂൾസ് (3) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർ നിശ്ചയിക്കുന്ന ന്യായ വില റൂൾ (4) പ്രകാരം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരും. 5-1-2004 മുതൽ പ്രാബല്യത്തിൽ അസാധാരണ ഗസറ്റായി ന്യായവില പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വേ നമ്പർ അടിസ്ഥാനത്തിലാണ് ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടുള്ളത്. ഓരോ സ്ഥലത്തെയും ന്യായവില രജിസ്റ്ററുകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, മുനിസിപ്പൽ ഓഫീസുകൾ, കോർപ്പറേഷൻ ഓഫീസുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, ജില്ലാ രജിസ്ട്രാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. സംസ്ഥാനത്തെ ഭൂമിയുടെ ന്യായ വില നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷനുകൾ നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(സി) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലായിട്ട് ഒരു മാസം മാത്രമായതിനാൽ താരതമ്യപഠനം നടത്തുന്നതിനു സാധിച്ചിട്ടില്ല.

സർക്കാർ ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം

*7 [6] ശ്രീ. കെ. രാധാകൃഷ്ണൻ:
,, രാജു എബ്രഹാം:
,, ടി. പി. രാമകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ-രൂക്ഷമായ മരുന്ന് ദൗർലഭ്യം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സെൻട്രൽ പർച്ചേസ് കമ്മിറ്റിയും മരുന്ന് കമ്പനികളുമായുള്ള കരാർ ഈ വർഷം എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റി മരുന്നുകളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മരുന്ന് കമ്പനികളുമായി സി. പി. സി. കരാർ ഉണ്ടാക്കിയിട്ടും സപ്ലൈ ഓർഡർ നൽകാത്തതുമൂലം ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) 2003 മാർച്ച് 11-ന് സി. പി. സി.-യും മരുന്ന് കമ്പനികളും തമ്മിലെ കരാർ കാലാവധി അവസാനിച്ചശേഷം ആരോഗ്യവകുപ്പ് നേരിട്ട് മരുന്ന് വാങ്ങിയതിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) 15-9-2003-ൽ

(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധ കമ്മിറ്റി വിശദമായ പഠനം നടത്തുകയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിലനിൽക്കുന്ന പർച്ചേസ് നടപടിക്രമങ്ങൾ കൂടി പരിഗണിച്ച് ഒരു നൂതന സമ്പ്രദായം ആവിഷ്കരിക്കുന്നതിനു തീരുമാനിക്കുകയും, അതിൻപ്രകാരം സർക്കാർ 15-3-2003-ൽ സർക്കാർ ഉത്തരവ് (സാധാരണ) 786/03/ആകുവ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ അൽപ്പം കാലതാമസം ഉണ്ടായിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) 2003-04 സാമ്പത്തിക വർഷത്തിലെ സി. പി. സി. കരാർ നിലവിൽ വരാൻ ഉണ്ടായ കാലതാമസം പരിഗണിച്ചുകൊണ്ട് സർക്കാർ 13-6-2003, 26-6-2003 എന്നീ തീയതികളിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ചും മുൻ സി. പി. സി. കരാറിലെ അത്ര തുകയ്ക്ക് അതേ കമ്പനികളിൽ നിന്നും മരുന്നുവാങ്ങുവാൻ ഉത്തരവ് നൽകുകയുണ്ടായി. അതിൻപ്രകാരം മരുന്നുവാങ്ങിയതുകാരണം സർക്കാരിന് ധനനഷ്ടം ഉണ്ടായിട്ടില്ല. സമയബന്ധിതമായി ജനങ്ങൾക്കു വേണ്ട മരുന്നുകൾ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ അതിൻമേൽ ഒരന്വേഷണത്തിന്റെ ആവശ്യം ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly